കേരള സർക്കാർ

സംഗ്രഹം

ജീവനക്കാര്യം—സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം—ഉദ്യോഗാർത്ഥികൾ നിശ്ചിത സമയപരിധിക്കുള്ളിൽ ജോലിയിൽ പ്രവേശിക്കാതിരുന്നാൽ നിയമനം റദ്ദാക്കുന്നത് സംബന്ധിച്ച്—മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

സ. ഉ. (കൈയെഴുത്ത്) നമ്പർ 2/2017/ഉ.ഭ.പ.വ.

*തിരുവനന്തപുരം, 2017 ജനുവരി 16.*

---

പരാമർശം:—1. 24-5-1999-ലെ സ. ഉ. (പി) നമ്പർ 12/99/ഉഭപവ.

2. 21-12-2015-ലെ 600/Adv.C2/14/P&ARD നമ്പർ സർക്കുലർ.

ഉത്തരവ്

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനുള്ള വ്യവസ്ഥകൾ സൂചന (1)-ലെ ഉത്തരവുപ്രകാരവും ആശ്രിത നിയമന വ്യവസ്ഥപ്രകാരം ജോലിയിൽ പ്രവേശിക്കുന്നവർക്ക് പ്രവേശന സമയം ദീർഘിപ്പിച്ചുനൽകുന്നതിന് സൂചന (2)-ലെ സർക്കുലർ പ്രകാരവും സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഉദ്യോഗാർത്ഥികൾ നിശ്ചിത സമയപരിധിക്കുള്ളിൽ ജോലിയിൽ പ്രവേശിക്കാതിരുന്നാൽ നിയമനം റദ്ദാക്കുന്നത് സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിരുന്നില്ല. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സമാശ്വാസ് തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നവരുടെ നിയമനം റദ്ദാക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു:

1. നിർദ്ദിഷ്ട സമയപരിധിക്കകം ജോലിയിൽ പ്രവേശിക്കുന്നതിനായി റിപ്പോർട്ട് ചെയ്യുകയോ, ചട്ടപ്രകാരം പ്രവേശന സമയം (joining time) ദീർഘിപ്പിക്കുന്നതിന് മതിയായ കാരണങ്ങളോടെ അപേക്ഷിക്കുകയോ ചെയ്യാതിരിക്കുന്ന ഉദ്യോഗാർത്ഥിക്ക് വകുപ്പ് തലവൻമാർ രജിസ്റ്റേർഡ്/AD.യായി കത്തയയ്ക്കേണ്ടതാണ്.

പ്രസ്തുത കത്തിൽ കത്ത് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ ജോലിയിൽ പ്രവേശിക്കണമെന്ന് നിർദ്ദേശിക്കുകയും വീഴ്ച വരുത്തിയാൽ നിയമനം റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമെന്ന് ഉദ്യോഗാർത്ഥിയെ അറിയിക്കേണ്ടതുമാണ്. കത്ത് ഉദ്യോഗാർത്ഥി കൈപ്പറ്റാത്ത സാഹചര്യം വന്നാൽ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പുവഴി നോട്ടീസ് രണ്ട് പ്രമുഖ മലയാള ദിനപ്പത്രങ്ങളിൽ പ്രസിദ്ധീകരിക്കണം.

2. നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനുള്ളിൽ ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കാതിരിക്കുകയോ അല്ലെങ്കിൽ കത്ത് കൈപ്പറ്റിയതിനുശേഷം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കാതിരിക്കുകയോ ചെയ്താൽ ടിയാന്റെ നിയമനത്തിനായി സർക്കാർ നൽകിയ അനുമതി റദ്ദ് ചെയ്യുന്നതിന് വകുപ്പ് തലവൻ സർക്കാരിനോട് ശിപാർശ ചെയ്യേണ്ടതാണ്.

3. ഇക്കാര്യത്തിൽ വകുപ്പുമേധാവിയുടെ പ്രൊപ്പോസൽ ലഭിച്ചാൽ ഭരണ വകുപ്പ് മുഖ്യമന്ത്രിയുടെ അനുമതിയോടുകൂടി ടി ഉദ്യോഗാർത്ഥിയുടെ നിയമനത്തിന് നൽകിയ അനുമതി റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അതിനുശേഷം നിയമനാധികാരി ടി ഉദ്യോഗാർത്ഥിക്ക് നൽകിയ നിയമന ഉത്തരവ് റദ്ദു ചെയ്യേണ്ടതുമാണ്.

4. ജോലിയിൽ പ്രവേശിക്കാതെ ഒഴിഞ്ഞുമാറുന്നതിന് ഉദ്യോഗാർത്ഥിയോ മറ്റുള്ളവരോ സമർപ്പിക്കുന്ന യാതൊരു അപേക്ഷയും വകുപ്പുതലവനോ സർക്കാരിലെ ഭരണ വകുപ്പോ പരിഗണിക്കേണ്ടതില്ല.

5. ഇപ്രകാരം നിയമനത്തിനുള്ള അനുമതി റദ്ദ് ചെയ്താൽ ടി നടപടി യാതൊരു കാരണവശാലും പുനഃപരിശോധിക്കുന്നതല്ല. പുനഃപരിശോധനയ്ക്ക് ലഭിക്കുന്ന അപേക്ഷകൾ ഉടനടി നിരസിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സത്യജീത്ത് രാജൻ,
*പ്രിൻസിപ്പൽ സെക്രട്ടറി.*

പകർപ്പ്:—

എല്ലാ വകുപ്പുതലവൻമാർക്കും/ഓഫീസ് മേലധികാരികൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തുസഹിതം).

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം (ആമുഖ കത്തുസഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം. (ആമുഖ കത്തുസഹിതം).

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, ഹൈക്കോടതി, കേരള, എറണാകുളം (ആമുഖ കത്തു സഹിതം).

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്).

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-എ) വകുപ്പിന് [4-4-2016-ലെ UO (R) 5103/A1/16/P&ARD പ്രകാരം].

നിയമ (ഒപിനിയൻ) വകുപ്പിന്